# Malayala Manorama

## 20 August 2018

## Kalamassery, Flood Victims, Flood Relief from Pollachi

# പൊള്ളാച്ചിയിൽ നിന്നു ദുരിതാശ്വാസ സഹായം

**കളമശേരി** ● മുട്ടം ദുരിതാശ്വാസ ക്യാംപിലേക്കു പൊള്ളാച്ചിയിൽ നിന്നും സഹായമെത്തി. പൊള്ളാച്ചിയിലെ ഓൾ മോട്ടോർ പാർട്സ് അയേൺ മർച്ചന്റ് സംഘടനയാണ് ഒരു ലോറി നിറയെ പലചരക്കു സാധനങ്ങളുമായി എത്തിയത്.

മുട്ടത്തിനു പുറമെ അമ്പാട്ടുകാവ്, മുപ്പത്തടം പ്രദേശങ്ങളിലെ ക്യാംപുകളിലും ഇവർ ഇവ വിതരണം ചെയ്തു. മുട്ടം തൈക്കാവ് അലിഫ് ഇസ്‌ലാമിക് സർവീസ് പ്രസിഡന്റ് മജീദ് കാരോത്തുകുഴി, സെക്രട്ടറി കബീർ ചേനക്കര എന്നിവരുടെ നേതൃത്വത്തിൽ പൊള്ളാച്ചിയിൽ നിന്നുള്ള സഹായം ഏറ്റുവാങ്ങി.